/108034/2023

സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ:ചേതൻ കുമാർ മീണ.IAS)

തിരുവനന്തപുരം

ഉത്തരവ് നം:SJD/332/2023-E5-(1) തീയതി: 29-07-2023

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - പതിനഞ്ചാം കേരള നിയമ സഭയുടെ 9-മത് സമ്മേളനം -നിയമസഭ സമ്മേളനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകോപിക്കുന്നതിനായി നോഡൽ ഓഫീസർ, ഉപനോഡൽ ഓഫീസർമാർ എന്നിവരെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.സർക്കാർ കത്ത് നം.പി.എസ് 2/68/2023/ഡബ്ല്യു.സി.ഡി.ഡി തീയതി.26.07.2023.

പതിനഞ്ചാം കേരള നിയമസഭയുടെ 9-മത് സമ്മേളനം 2023 ആഗസ്റ്റ് 07 മുതൽ 24 വരെ ചേരുന്ന സാഹചര്യത്തിൽ വകുപ്പുമായി ബന്ധപ്പെട്ട നിയമസഭ ചോദ്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് സർക്കാരിൽ യഥാസമയം സമർപ്പിക്കുന്നതിനും നിയമസഭ ചോദ്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകോപിക്കുന്നതിനും സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീമതി.ജിഷ റ്റി ജോഷ്വയെ നോഡൽ ഓഫീസറായും ഉപനോഡൽ ഓഫീസർമാരായി ശ്രീ.ഹരികുമാരൻ നായർ.എ.കെ, (ജീവനക്കാര്യ സെക്ഷൻ സീനിയർ സൂപ്രണ്ട്) ശ്രീമതി.ശശികല.ജി (ഫെയർകോപ്പി സെക്ഷൻ സൂപ്രണ്ട്) എന്നിവരേയും ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

എല്ലാ സെക്ഷൻസൂപ്രണ്ടുമാരും യൂണിറ്റ്ഓഫീസർമാരും നിയമസഭ വെബ്സൈറ്റ് പരിശോധിച്ച് സെക്ഷനുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന നിയമസഭ ചോദ്യങ്ങൾക്കുള്ള മറുപടി തയ്യാറാക്കി യഥാസമയം സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതും ആയതിന്റെ പകർപ്പ് എഫ് സെക്ഷൻ സൂപ്രണ്ടിന് ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിനായി നൽകേണ്ടതുമാണ്.

നോഡൽ ഓഫീസർമാർ നിയമസഭാചേദ്യങ്ങൾക്കുള്ള മറുപടി എല്ലാ സെക്ഷൻ സൂപ്രണ്ടുമാരും യൂണിറ്റ് ഓഫീസർമാരും യഥാസമയം സർക്കാരിലേയ്ക്ക് ലഭ്യമാക്കുന്നുണ്ടോയെന്നും ആയതിന്റെ പകർപ്പ് എഫ് സെക്ഷന് നൽകുന്നുണ്ടോയെന്നും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

ചേതൻ കുമാർ മീണ IAS
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ് :

1. ഡയറക്ടറുടെ സി.എ.
2. എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും, യൂണിറ്റ് ഓഫീസർമാർക്കും.
3. സ്റ്റോക്ക് ഫയൽ/സ്പെയർ.

Signed by Chetan Kumar Meena
Date: 29-07-2023 11:30:41